# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ജൂലൈ 20, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അടിയന്തിര പ്രമേയം**

**(1) രാസവള വിലവർദ്ധന**

മി. സ്പീക്കർ: രാസവളത്തിന്റെ വില നിയന്ത്രണാധികാരം കമ്പനികൾക്ക് നൽകിയതുമൂലം അഭുതപൂർവ്വമായ വിലക്കയറ്റം ഉണ്ടാക്കിയിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, കെ. സുരേഷ് കുറുപ്പ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): രാജ്യാന്തര വിപണിയിൽ അസംസ്കൃത വസ്തുക്കൾക്ക് വിലവർദ്ധിച്ചതും കമ്പനികൾക്ക് നൽകിവന്ന സബ്സിഡിയിൽ കുറവുവരുത്തിയതും രാസവളത്തിന് എം.ആർ.പി. നിശ്ചയിക്കാൻ

കമ്പനികൾക്ക് അനുവാദം നൽകാൻ കാരണമായി. കേന്ദ്ര സർക്കാർ പൊട്ടാസ്യം ഇറക്കുമതി ചെയ്യാത്തതിനാൽ വിലക്കയറ്റം ഉണ്ടായിട്ടുണ്ട്. രാസവളവില നിശ്ചയിക്കുവാൻ കമ്പനികൾക്ക് അധികാരം നൽകിയത് പുന:പരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും അതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. മുല്ലക്കര രത്നാകരൻ: കർഷകരെ ഗുരുതരമായി ബാധിക്കുന്ന ഈ വിഷയത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയത്തോടുള്ള എതിർപ്പ് സംസ്ഥാനം പ്രകടിപ്പിക്കേണ്ടതാണ്. ആധുനിക കൃഷി സമ്പ്രദായത്തിൽ കർഷകന് കിട്ടിയിരുന്ന പല സഹായങ്ങളും ആഗോളവത്കരണത്തിന്റെ ഫലമായി വെട്ടിക്കുറയ്ക്കപ്പെടുകയും രാസവളവില നിയന്ത്രണാധികാരം കമ്പനികൾക്കും കോർപ്പറേറ്റുകൾക്കും വിട്ടുകൊടുക്കുകയും ചെയ്തിരിക്കുകയാണ്. ഇതുമൂലം കർഷകർ സാധാരണ ഉപയോഗിക്കുന്ന വളങ്ങളുടെ വില അടിക്കടി വർദ്ധിക്കുകയും ഉൽപ്പാദനച്ചെലവ് ഉയരുകയും ചെയ്തു. കൊച്ചിയിലെ എഫ്.എ.സി.ടി.യിൽ ഫാക്ടംഫോസിന്റെ ഉല്പാദനം കുറഞ്ഞത് നെല്ല്, നാളികേരം, റബ്ബർ തുടങ്ങിയവയുടെ ഉല്പാദനത്തെ ബാധിക്കുകയും കാർഷിക മേഖല തകരുകയും ചെയ്തു. ഇതുമൂലം വിലക്കയറ്റം രൂക്ഷമാകുകയും രാസവളങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുകയും ചെയ്യുമെന്നതിൽ തർക്കമില്ല. കർഷകരെ ആത്മഹത്യയിലേക്ക് നയിക്കുന്ന ഈ നയം തിരുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : ഇവിടെ അവതരിപ്പിച്ച വിഷയം സർക്കാർ ഗൗരവത്തോടുകൂടി ഉൾക്കൊള്ളുന്നു. രാസവളങ്ങൾ കൂടുതലായി ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. രാസവളങ്ങളുടെ വില കുറയ്ക്കണമെന്നും സബ്സിഡി അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കേന്ദ്ര സർക്കാർ ഓരോ വർഷവും കാർഷികോൽപ്പന്നങ്ങളുടെ സംഭരണ വില ഉയർത്തിക്കൊണ്ടിരിക്കുകയാണ്. കാർഷിക രംഗത്തെ ഉല്പാദനം വർദ്ധിപ്പിക്കാനും സ്വയം പര്യാപ്തതയിലെത്താനും ഉല്പന്നങ്ങൾ കയറ്റി അയയ്ക്കാനും കർഷകന് സാധിക്കത്തക്ക വിധത്തിലുള്ള സമഗ്രമായ കാർഷിക പാക്കേജാണ് നടപ്പിലാക്കുന്നത്. രാസവളങ്ങളുടെ വില കുറയ്ക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിൽ ഉന്നയിക്കും. കാർഷിക രംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങളുടെ ഫലമായാണ് ഭക്ഷ്യ സുരക്ഷാ പദ്ധതി ഇന്ത്യയിൽ നടപ്പിലാക്കാൻ പോകുന്നത്. കാർഷിക പാക്കേജിലെ ഏതെങ്കിലും ഒരു കാര്യം മാത്രം അടർത്തിയെടുത്ത് വിമർശിക്കുന്നത് ശരിയല്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ

ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ക്രമപ്രശ്നം**

**സഭാസമ്മേളനത്തിനിടയിൽ യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച്**

ശ്രീ. വി. ശിവൻകുട്ടി: ഇന്ന് (20-07-2011) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡി.പി.സി. യോഗവും കിലയുടെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഒരു സെമിനാറും വച്ചിരിക്കുന്നു. സഭ സമ്മേളിക്കുന്ന അവസരങ്ങളിൽ എം.എൽ.എ.മാർ പങ്കെടുക്കേണ്ടതായ ഇത്തരം യോഗങ്ങൾ സംഘടിപ്പിക്കാൻ പാടില്ലെന്ന റൂളിംഗിന് വിലകൽപ്പിക്കാതെ യോഗം വിളിച്ചുകൂട്ടുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് മെമ്പർ സെക്രട്ടറി എന്നിവരിൽനിന്ന് വിശദീകരണം ആവശ്യപ്പെടുന്നത് സംബന്ധിച്ച് റൂളിംഗ് നൽകണം.

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭ സമ്മേളിക്കുന്ന ദിവസങ്ങളിൽ സാമാജികർ പങ്കെടുക്കേണ്ട വിവിധ സർക്കാർ കമ്മിറ്റികളുടെ യോഗങ്ങൾ യാതൊരു കാരണവശാലും നടത്തരുതെന്ന് മന്ത്രിമാർ നിർദ്ദേശം നൽകണമെന്ന് 27-6-2011-ന് ചെയർ റൂളിംഗ് നൽകിയിരുന്നു. മുൻ സ്പീക്കർമാരും ഇതുസംബന്ധിച്ച് പല തവണ റൂളിംഗ് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർ ഇന്നത്തെ യോഗങ്ങൾ മാറ്റിവയ്ക്കാൻ നടപടികൾ സ്വീകരിക്കണം.

**ശ്രദ്ധക്ഷണിക്കൽ**

**(1) <u>നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ</u>**

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> എസ്.ജി.എസ്.വൈ. പദ്ധതിയുടെ സാധ്യത കളെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയമിച്ച രാധാകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച എൻ.ആർ.എൽ.എം. പദ്ധതിയുടെ ലക്ഷ്യം ഗ്രാമീണ ദാരിദ്ര്യം തുടച്ചുനീക്കുകയെന്നതാണ്. ഇത്തരം പദ്ധതി രൂപീകരിക്കാൻ പ്രചോദനമായത് കേരളത്തിലെ കുടുംബശ്രീയുടേയും ആന്ധ്രാപ്രദേശിലെ എസ്.ഇ.ആർ.പി. (സൊസൈറ്റി ഫോർ എലിമിനേഷൻ ഓഫ് റൂറൽ പോവർട്ടി)-യുടേയും ആശയങ്ങളാണ്. കേരളത്തിന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി ദാരിദ്ര്യ നിർമ്മാർജന പരിപാടി ആവിഷ്ക്കരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തി ക്കുന്നതിനാൽ കുടുംബശ്രീക്ക് ഒരു അർദ്ധ സർക്കാർ സംവിധാനത്തിന്റെ മികവുള്ളതുകൊണ്ട് എൻ.ആർ.എൽ.എം. പദ്ധതി നടപ്പിലാക്കാൻ ഇത്തരം സംരംഭങ്ങൾ മതിയെന്ന് കേന്ദ്ര സർക്കാരിന് അഭിപ്രായമുള്ളതാണ്. കേരള ത്തിൽ 2010-ൽ എൻ.ആർ.എൽ.എം.-ന് തുടക്കം കുറിക്കാൻ ഒരു കോർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരം അനുകൂല സാഹ ചര്യങ്ങൾ നിലവിലുള്ളപ്പോൾ എത്രയുംവേഗം കേരളത്തിൽ കുടുംബശ്രീ മിഷൻ വഴി എൻ.ആർ.എൽ.എം. പദ്ധതി നടപ്പിലാക്കാൻ നടപടിയുണ്ടാകണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.സി. ജോസഫ്</u>): നിലവിലുള്ള സ്വർണ്ണജയന്തി ഗ്രാമ സരോസ്ഗാർ യോജനയ്ക്ക് (എസ്.ജി.എസ്.വൈ.) പകരമായി ഗ്രാമീണ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കേന്ദ്ര സർക്കാർ പുതുതായി രൂപം കൊടുത്ത പദ്ധതിയാണ് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ. സംസ്ഥാന

ഗ്രാമീണ ഉപജീവന മിഷൻ തയ്യാറാക്കുന്ന പദ്ധതി രേഖയുടെ അടിസ്ഥാന ത്തിലാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകുന്നത്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കുടംബശ്രീയെ നോഡൽ ഏജൻസി യായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും നിയന്ത്രണവും ഉണ്ടാകുന്ന രീതിയിൽ എൻ.ആർ.എൽ. എം.-ന്റെ നടത്തിപ്പിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. ഇത്തരം പദ്ധതികളിൽ പങ്കെടുക്കാൻ സർക്കാരിതര സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പു കൾക്കും അവസരം ലഭ്യമാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് ഇതുസംബന്ധിച്ച് പരിഷ്ക്കരിച്ച പ്രൊപ്പോസൽ കുടുംബശ്രീ മിഷൻ സമർപ്പിച്ചിട്ടുണ്ട്. 50 ശതമാനം എസ്.എസി./എസ്.ടി. വിഭാഗത്തിനും 15 ശതമാനം ന്യൂനപക്ഷ വിഭാഗത്തിനും മൂന്ന് ശതമാനം അംഗവൈകല്യം ഉള്ളവർക്കും എൻ.ആർ.എൽ.എം. പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കാൻ അർഹത യുണ്ട്. ഈ . പദ്ധതി പ്രകാരം നാൽപ്പത് ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചാലുടൻ ഈ പദ്ധതി ആരംഭിക്കുന്നതാണ്. അതുവരെ നിലവിലുള്ള എസ്.ജി.എസ്. വൈ. തുടരുന്നതാണ്. കുടുംബശ്രീക്ക് പുറമെ മറ്റ് സ്വാശ്രയ സംഘങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും എൻ.ആർ.എൽ.എം. പദ്ധതിയിൽ പങ്കാളിത്തം നൽകുന്നതാണ്.

### (2) റോഡ് വികസന പദ്ധതികൾ

ശ്രീ. മോൻസ് ജോസഫ്: കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും വിദേശ ധനകാര്യ ഏജൻസികളുടെ ധനസഹായവും ഉറപ്പുവരുത്തി

സംസ്ഥാനത്ത് വിവിധ റോഡ് വികസന പദ്ധതികൾ നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ദേശീയപാതകളുടെ വീതി സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് മുൻഗണന നൽകണം. കെ.എസ്.ടി.പി. റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് കടക്കാൻ കഴിയാത്തതുമൂലം കാസർഗോഡ് മുതൽ തിരുവനന്തപുരംവരെയുള്ള എട്ട് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. കെ.എസ്.ടി.പി.ക്ക് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ മറ്റ് വിദേശ ധനകാര്യ ഏജൻസികളുടെ സഹായം തേടണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന റോഡ് വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത് നടപ്പാക്കേണ്ട റോഡ് വികസന പദ്ധതികളെ സംബന്ധിച്ച് സമഗ്രപഠനം നടത്തുന്നതിനും ഒരു റോഡ് നെറ്റ്‌വർക്കിന് രൂപം നൽകുന്നതിനും തയ്യാറാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സംസ്ഥാനത്തെ 9 ദേശീയ പാതകളിൽ എൻ.എച്ച്. 47-ന്റെ പണി നാഷണൽ ഹൈവേ അതോറിറ്റി നേരിട്ടാണ് നടത്തുന്നത്. എൻ.എച്ച്.17, 47 എന്നിവ നാല്/ആറ് വരി പാതകളായി വികസിപ്പിക്കുന്നത് എൻ.എച്ച്.ഡി.പി. ഫേയ്സ് മൂന്നിൽ ബി.ഒ.ടി. വ്യവസ്ഥയിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ കീഴിലാണ്. എൻ.എച്ച്. 47-ൽ വാളയാർ മുതൽ അരൂർ വരെയുള്ള നാല്/ആറ് വരിപാതകളുടെ ജോലികൾ പുരോഗതിയിലാണ്. അരൂർ മുതൽ കളിയിക്കാവിള വരെയും തലപ്പാടി മുതൽ ഇടപ്പള്ളി വരെയുമുള്ള പാതകളുടെ പണി നിറുത്തിവച്ചിരിക്കുകയാണ്. ശേഷിച്ച ദേശീയപാതകളുടെ പണി എൻ.എച്ച്.ഡി.പി. ഫേയ്സ് നാലിൽ ഉൾപ്പെടുത്തി രണ്ടുവരിപ്പാതയായി

വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ട് ഘട്ടമായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന കെ.എസ്.ടി.പി. (1) പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന 578.9 കി.മീ. സംസ്ഥാന/ജില്ലാ പാതകളുടെ പുനർനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ കാലതാമസത്തെത്തുടർന്ന് പദ്ധതി പുനഃക്രമീകരിച്ച് കെ.എസ്.ടി.പി. (2) എന്ന മറ്റൊരു പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. (2) പദ്ധതിയുടെ ധനസഹായത്തിനായി വിപുലീകരിച്ച രൂപരേഖ ലോക ബാങ്കിന് സമർപ്പിച്ചുകഴിഞ്ഞു. എത്രയും പെട്ടെന്ന് ലോൺ അനുവദിച്ച് കിട്ടുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം 250 കോടി രൂപ കെ.എസ്.ടി.പി. (2)-നുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കെ.എസ്.ടി.പി.(1)-ന്റെ അവശേഷിക്കുന്ന ചെലവുകൾക്കും റോഡ് റീടാറിംഗിനും വഴികളുടെ പുനർനിർമ്മാണത്തിനും വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും കൾവെർട്ടും ഓവുചാലും നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. നാഷണൽ ഹൈവേ വികസനത്തിന് ഒരു പുനരധിവാസ പാക്കേജിന് രൂപം കൊടുത്ത് ആശങ്കകളും അവ്യക്തതകളും ദൂരീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ലോക ബാങ്ക് സഹായം ലഭിച്ചാലുടൻ കേരളത്തിലെ എല്ലാ റോഡുകളുടേയും സർവ്വേയും ടെക്നിക്കൽ ഫീസിബിലിറ്റി സ്റ്റഡിയും നടത്തുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു റോഡ് നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

**സബ്മിഷൻ**

**(1) സിവിൽ സർവ്വീസ് അക്കാഡമി**

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജ് ആസ്ഥാനമാക്കി കേരള സിവിൽ സർവ്വീസ് അക്കാഡമിയുടെ ഒരു ശാഖ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ കേരള സിവിൽ സർവ്വീസ് അക്കാഡമിയുടെ ഒരു ശാഖ ആരംഭിക്കുന്നതാണ്.

**(2) സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ**

ശ്രീമതി കെ.എസ്. സലീഖ: പൊതുസ്ഥലങ്ങളിലും വീടിനുള്ളിലും സ്ത്രീകൾ നേരിടേണ്ടിവരുന്ന പീഡനം തടയുന്നതിന് കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്ത്രീകൾ സഞ്ചരിക്കുന്ന ബസ്സുകൾ, ബസ് സ്റ്റാന്റ്, റെയിൽവേസ്റ്റേഷൻ, പാർക്കുകൾ എന്നിവ പ്രത്യേകമായി നിരീക്ഷിക്കാൻ പോലീസിനെ നിയോഗിക്കാനും സതേൺ റെയിൽവേയുമായി ചർച്ച നടത്തി വൈകുന്നേരം അഞ്ചുമണിക്ക് ശേഷമുള്ള ട്രെയിനുകളിൽ സ്ത്രീകളുടെ കമ്പാർട്ടുമെന്റിൽ റെയിൽവേ പോലീസുദ്യോഗസ്ഥരെ പട്രോളിംഗിനായി നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകളുടെമേൽ അതിക്രമം കാട്ടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

### (3) ഷമീർ ബാബുവിന്റെ കൊലപാതകം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ മണ്ഡലത്തിൽ പതിനഞ്ചുവർഷം മുമ്പ് നടന്ന ഷമീർ ബാബു എന്ന കുട്ടിയുടെ കൊലപാതകം സംബന്ധിച്ച് ശാസ്ത്രീയമായ പരിശോധനകൾ നടത്തി യഥാർത്ഥ കുറ്റവാളിയെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പതിനഞ്ചുവർഷം മുമ്പ് ഷമീർ ബാബു എന്ന പന്ത്രണ്ട് വയസ്സുകാരനെ കൊലപ്പെടുത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തിയെങ്കിലും ഇതുവരെ പ്രതിയെ കണ്ടെത്താൻ സാധിച്ചിട്ടില്ല. വിദേശത്തുനിന്നെത്തിയ അബ്ദുറഹിമാനെ 23-6-2011-ന് പോലീസ് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്യുകയും പോളിഗ്രാഫ് ടെസ്റ്റ് നടത്തി കൂടുതൽ തെളിവുകൾ ശേഖരിച്ച് ഈ കേസിന് തുമ്പുണ്ടാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

### (4) മൈക്രോഫിനാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കൽ

ശ്രീ. വി.എസ്. സുനിൽ കുമാർ: കേരളത്തിൽ വളരെ വ്യാപകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അമിത പലിശ ഈടാക്കുന്ന മൈക്രോഫി നാൻസ് സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ആവശ്യമായ നിയമനടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ അമിതമായി പലിശ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള മണി ലെൻഡേഴ്സ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതായി കാണപ്പെട്ട എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ വിവിധ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ

കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. നിയമം ലംഘിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്ന പ്രവർത്തനങ്ങൾ അനുവദിക്കില്ല.

**(5) വള്ളുവനാട് ഡെവലപ്മെന്റ് അതോറിറ്റിയിൽ ഒറ്റപ്പാലം താലൂക്ക് ഉൾപ്പെടുത്തുന്നതുസംബന്ധിച്ച്**

ശ്രീ. വി.റ്റി. ബൽറാം: നിർദ്ദിഷ്ട വള്ളുവനാട് ഡെവലപ്മെന്റ് അതോറിറ്റിയിൽ ഒറ്റപ്പാലം താലൂക്ക് കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വള്ളുവനാട് വികസന അതോറിറ്റി രൂപീകരിക്കുമ്പോൾ പൊന്നാനി-മണ്ണാർക്കാട്-പെരിന്തൽമണ്ണ താലൂക്കുകളും ഒറ്റപ്പാലം താലൂക്കിലെ തൃത്താല, പട്ടാമ്പി ഭാഗങ്ങളും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(6) രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിൽ ഗവേഷണ ഫണ്ടിന്റെ വിനിയോഗം**

ശ്രീ. വി. ശിവൻകുട്ടി: രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിൽ ഗവേഷണത്തിനുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): രാജീവ്ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയുടെ വികസനത്തിന് കേന്ദ്ര ഗവൺമെന്റ് 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആക്കുളത്ത് ഇതിനായി ഗവൺമെന്റ് ലഭ്യമാക്കിയ 25 ഏക്കർ സ്ഥലത്ത് വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗവേഷണ വുമായി ബന്ധപ്പെട്ട് ഈ സെന്ററിൽ നിന്ന് പരാതിയൊന്നും ലഭിച്ചിട്ടില്ല.

### (7) കണ്ണൂർ യൂണിവേഴ്സിറ്റിയിലെ അഴിമതി

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നടന്നു വരുന്ന അഴിമതിക്കെതിരെ സമഗ്രമായ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കണ്ണൂർ സർവ്വകലാശാലയിലെ അഴിമതികളെക്കുറിച്ചും നിരുത്തരവാദപരമായ പ്രവർത്തനങ്ങളെക്കുറിച്ചും പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വൈസ്ചാൻസലറോട് ഉന്നത വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (8) ഫിഷറീസ് സർവ്വകലാശാലയുടെ സ്ഥലം

ശ്രീ. എസ്. ശർമ്മ: കേരള ഫിഷറീസ് സർവ്വകലാശാലയുടെ പുതുവൈപ്പിനിലെ ഫിഷറീസ് സ്റ്റേഷനോടനുബന്ധമായ 50 ഏക്കർ സ്ഥലം പെട്രോനെറ്റ് എൽ.എൻ.ജി.ക്ക് കൈമാറുന്നത് തടയാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള ഫിഷറീസ് സർവ്വകലാശാലയുടെ പുതുവൈപ്പിനിലെ ഫിഷറീസ് സ്റ്റേഷനോടനുബന്ധമായ 50 ഏക്കർ സ്ഥലം പെട്രോനെറ്റ് എൽ.എൻ.ജി.ക്ക് കൈമാറണമെന്ന ആവശ്യം ഉയർന്നുവന്നിരുന്നുവെങ്കിലും സർവ്വകലാശാലയ്ക്ക് ഈ സ്ഥലം അനിവാര്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ കൈമാറ്റം ചെയ്യാൻ തീരുമാനിച്ചിട്ടില്ല.

### (9) നാടാർ സമുദായ സംവരണം

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എ. റ്റി. ജോർജും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീമതി ജമീലാ പ്രകാശം: നാടാർ സമുദായത്തിൽപ്പെട്ട എല്ലാവർക്കും സംവരണം നൽകുക, വൈകുണ്ഠ സ്വാമികൾക്ക് സ്മാരകം നിർമ്മിക്കുക, സ്വാമികളുടെ ജന്മദിനമായ മാർച്ച് 12 പൊതു അവധിയായി പ്രഖ്യാപിക്കുക, നാടാർ വിദ്യാർത്ഥിനികളുടെ സ്കോളർഷിപ്പ് 1,000 രൂപയായി ഉയർത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് നിയമസഭാ മാർച്ച് നടത്തുന്ന വി.എസ്.ഡി.പി.യുടെ നേതാക്കളുമായി ചർച്ച ചെയ്യാൻ തയ്യാറാകുകയും ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പൊതു അവധി ദിവസങ്ങൾ വർദ്ധിപ്പിക്കേണ്ടതില്ല എന്ന തീരുമാനമാണ് സർക്കാർ എടുത്തിട്ടുള്ളത്. മതപരിഗണന കൂടാതെയുള്ള നാടാർ സംവരണം സംബന്ധിച്ച പരാതികളടക്കമുള്ള ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ആഗസ്റ്റ് മാസം 4-ാം തീയതി ഒരു യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. വൈകുണ്ഠ സ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിന് അനുകൂലമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

### (10) നെടുങ്കണ്ടത്ത് സ്പൈസസ് പാർക്കിന്റെ പ്രവർത്തനം

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഭൂമി ഏറ്റെടുക്കുന്നതിലെ തടസ്സങ്ങൾ നീക്കി നെടുങ്കണ്ടം പഞ്ചായത്തിലെ പച്ചടിയിൽ സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. .

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നെടുങ്കണ്ടം പഞ്ചായത്തിൽ സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിനുവേണ്ടി ഏറ്റെടുക്കാൻ തീരുമാനിച്ച

ഭൂമിക്ക് ഇന്നത്തെ നിയമം അനുസരിച്ച് നഷ്ടപരിഹാരം കൊടുക്കുന്ന മുറയ്ക്ക് മറ്റ് നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

**(11) ഉപയോഗശൂന്യമായ വാഹനങ്ങൾ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത**

ശ്രീ. മാത്യു റ്റി. തോമസ്: സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസ്സുകളിലായി കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ പുതിയ പോലീസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഡിസ്പോസ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പോലീസ് സ്റ്റേഷൻ പരിസരത്ത് കിടക്കുന്ന വാഹനങ്ങൾ 10-8-2011 വരെ നോട്ടിഫൈ ചെയ്യാനും ഉടമസ്ഥരുള്ളവ തിരിച്ചുകൊടുക്കാനും അല്ലാത്തവ 31-8-2011-ന് മുമ്പ് ലേലം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

**(12) പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത**

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിലും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. വി. ചെന്താമരാക്ഷൻ: പാലക്കാട് ജില്ലയിൽ സർക്കാർ മേഖലയിലോ സഹകരണ മേഖലയിലോ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള നാല് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ആരംഭിച്ചശേഷം പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(13) നാദാപുരത്തെ വിജീഷിന്റെ മരണം**

ശ്രീ. ഇ. കെ. വിജയൻ: തൊട്ടിൽപ്പാലം പോലീസ് പട്രോളിംഗിനിടെ ഓടിച്ചതിനെത്തുടർന്ന് വിജീഷ് കിണറ്റിൽവീണ് മരിച്ച സംഭവത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയും അനാഥമായ കുടുംബത്തിന് പരമാവധി സഹായം നൽകുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): വിജീഷ് പോലീസിനെ കണ്ട് ഓടി കിണറ്റിൽവീണ് മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷിക്കുവാനും കുടുംബത്തിന് ഒരു ലക്ഷം രൂപ നൽകാനും ഉത്തരവ് നൽകിയിട്ടുണ്ട്.

**(14) ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

ശ്രീ. എം. ഹംസ: ഒറ്റപ്പാലത്തും പരിസര പ്രദേശങ്ങളിലുമുള്ള മണൽ മാഫിയകളെ നിലയ്ക്ക് നിറുത്താനും അവിടെ മതസൗഹാർദ്ദം സംരക്ഷിക്കാനും ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഒറ്റപ്പാലത്തും പരിസരപ്രദേശങ്ങളിലും ഇരുവിഭാഗങ്ങളിൽപ്പെട്ട ആളുകൾ ഏറ്റുമുട്ടിയ സംഭവവുമായി ബന്ധപ്പെട്ട് ഇരുപതോളം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്. അവിടെ മതസൗഹാർദ്ദം നിലനിറുത്താനും മണൽ മാഫിയയെ കർശനമായി നിയന്ത്രിക്കാനും നടപടികൾ സ്വീകരിക്കുന്നതാണ്.

**(15) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യതയോടെയും മാനദണ്ഡങ്ങൾക്ക് വിധേയമായും സാമ്പത്തികശേഷി പരിഗണിച്ചും നടത്താനും മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ നടന്ന രഹസ്യ ഇന്റർവ്യൂവിനെക്കുറിച്ച് അന്വേഷിക്കാനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക ശേഷിയും മറ്റുകാര്യങ്ങളും നോക്കി സുതാര്യമായി മാത്രമേ നിയമന കാര്യങ്ങളിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുകയുള്ളൂ. മലപ്പുറം സ്പിന്നിംഗ് മില്ലിൽ ഇന്റർവ്യൂ നടന്നിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്.

### (16) മഹിളാപ്രധാൻ ഏജന്റുമാരുടെ പ്രതിഫലം

ശ്രീ. കെ. ശിവദാസൻ നായർ: 2007 ഏപ്രിൽ 1 മുതൽ നിയമനം ലഭിച്ച മഹിളാപ്രധാൻ ഏജന്റുമാർക്ക് അതിനുമുമ്പ് നിയമനം ലഭിച്ചവർക്ക് കിട്ടുന്നതുപോലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 01-04-2007-ന് ശേഷമുള്ള മഹിളാപ്രധാൻ ഏജന്റുമാരുടെ നിയമനങ്ങൾ അലവൻസ് ഇല്ലാതെയായിരിക്കുമെന്ന് ഉത്തരവുള്ളതിനാൽ ഡിസ്ക്രിമിനേഷൻ ഒഴിവാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

### (17) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ

ശ്രീ. എം. എ. ബേബി: കൊല്ലം ജില്ലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ കാമ്പസ് ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : 1995-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷനുവേണ്ടി കോട്ടയം ജില്ലയിലെ വിജയപുരം പഞ്ചായത്തിൽ 4.2 ഏക്കർ സ്ഥലം ഏറ്റെടുത്ത് താൽക്കാലികമായി ഒരു കെട്ടിടം സ്ഥാപിച്ചെങ്കിലും പ്രവർത്തനം ആരംഭിക്കാത്തതിനാൽ പ്രസ്തുത

സ്ഥലം ഗവൺമെന്റ് തിരിച്ചെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷേപിച്ചു. ഇപ്പോൾ ഈ സ്ഥാപനം പ്രസ്തുത പഞ്ചായത്തിൽത്തന്നെ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്.

## (18) വൈദ്യുതി സ്തംഭനം

ശ്രീ. സി.എഫ്. തോമസ് : ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തുടർച്ചയായി ഉണ്ടാകുന്ന വൈദ്യുതി സ്തംഭനം ഫലപ്രദമായി തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : കാലവർഷം ശക്തമായതിനെത്തുടർന്നുണ്ടായ കാറ്റിലും മഴയിലും ചങ്ങനാശ്ശേരി സെക്ഷൻ ഓഫീസിന്റെ പരിധിയിൽപ്പെട്ട പല സ്ഥലങ്ങളിലും വൈദ്യുതി ലൈൻ പൊട്ടുകയും പോസ്റ്റുകൾ മറിഞ്ഞുവീഴുകയും ചെയ്തതിനാൽ വൈദ്യുതി വിതരണം ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. ചങ്ങനാശ്ശേരി സെക്ഷന്റെ പരിധിയിൽ 25000-ൽ കൂടുതൽ കൺസ്യൂമേഴ്സോ 100 സ്ക്വയർ കിലോമീറ്ററിലധികം സ്ഥലമോ ഉണ്ടെങ്കിൽ അത് വിഭജിച്ച് പുതിയ സെക്ഷൻ തുടങ്ങുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് പരിശോധിക്കുന്നതാണ്. എം.എൽ.എ. ചെയർമാനായി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത കമ്മിറ്റിക്ക് ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയാത്ത കാര്യങ്ങൾ ബോർഡിലേക്ക് റിപ്പോർട്ട് ചെയ്താൽ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

## (19) മാവേലി സ്റ്റോറിന്റെ പ്രവർത്തനം

ശ്രീ. ജെയിംസ് മാത്യു : തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് വ്യവസ്ഥകൾ പാലിച്ച് സ്ഥലം ലഭ്യമാക്കിയാൽ കരാറമ്പിൽ ഒരു മാസത്തിനുള്ളിൽ മാവേലി സ്റ്റോർ ആരംഭിക്കാവുന്നതാണ്.

### (20) കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ തുടർവികസനം

ശ്രീമതി പി. അയിഷാ പോറ്റി : കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സുകൾ പാർക്ക് ചെയ്യുന്നതിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിനും സൗകര്യം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസത്തിനാവശ്യമായ സ്ഥലം പരിസര പ്രദേശത്തുനിന്ന് ഏറ്റെടുത്ത് നൽകുന്നത് സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

### (21) വനിതാ സ്പോർട്ട്സ് അക്കാദമി

ശ്രീ. മുല്ലക്കര രത്നാകരൻ : കൊല്ലം, കോട്ടുക്കൽ വില്ലേജിൽ വനിതാ സ്പോർട്ട്സ് അക്കാദമിക്ക് ഭൂമി കൈമാറ്റം ചെയ്തുകിട്ടിയ സാഹചര്യത്തിൽ സ്പോർട്ട്സ് അതോറ്റി ഓഫ് ഇന്ത്യാ അധികൃതരുമായി ബന്ധപ്പെട്ട് അക്കാദമിയുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): വനിതാ സ്പോർട്ട്സ് അക്കാദമി ആരംഭി ക്കുന്നതിന് സർക്കാർ സ്പോർട്ട്സ് വകുപ്പിന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് സ്ഥലം കൈമാറിയെങ്കിലും സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക്

സ്ഥലം സബ്‌ലീസ് ചെയ്യുന്നതിന് നിയമവകുപ്പ് തടസ്സം ഉന്നയിക്കുകയും സ്പോർട്ട്സ് വകുപ്പും സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി കരാറിൽ ഏർപ്പെട്ടാൽ മതിയെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഇതുസംബന്ധിച്ച് സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കത്ത് അയയ്ക്കുകയും ഡയറക്ടർ ജനറലുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (22) കുട്ടനാട് പാക്കേജ്

ശ്രീ. ജി. സുധാകരൻ : കുട്ടനാട് പാക്കേജ് കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകൾ ഏകോപിപ്പിക്കാനും വിജിലൻസ് സംവിധാനം ഏർപ്പെടുത്താനും കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിലിന്റേതായി ലഘുലേഖ പ്രസിദ്ധീകരിക്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കുട്ടനാട് പാക്കേജിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ കാര്യക്ഷമവും സമയബന്ധിതവും അഴിമതി വിമുക്തവും സുതാര്യവുമായി നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്. കുട്ടനാട് പാക്കേജ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയിക്കുന്നതിന് ദ്വിഭാഷാ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. കുട്ടനാട് ആസ്ഥാനമാക്കി എഫ്.എം. റേഡിയോ പ്രക്ഷേപണം ആരംഭിക്കുന്നതോടുകൂടി പാക്കേജുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാസമയം കർഷർക്ക് ലഭിക്കും.

## (23) കാർഷിക സർവ്വകലാശാല നേരിടുന്ന പ്രതിസന്ധി

ശ്രീ. എ. കെ. ബാലൻ: കേരള കാർഷിക സർവ്വകലാശാലയ്ക്ക് ജീവനക്കാരുടെ പെൻഷൻ, പി.എഫ്. തുടങ്ങിയ കുടിശ്ശിക കൊടുത്തു തീർക്കാൻ 200 കോടി രൂപയുടെ പ്രത്യേക ഗ്രാന്റ് അനുവദിക്കാനും സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഫാമുകളിൽ തൊഴിലാളികളെ നിയമിക്കാനും ഗവേഷണ പ്രോജക്ടുകളിലെ അസിസ്റ്റന്റ് അസോസ്സിയേറ്റ് പ്രൊഫസർമാരുടെ നിയമനം പുനരാരംഭിക്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : കേരള കാർഷിക സർവ്വകലാശാലയ്ക്ക് 200 കോടി രൂപയുടെ ബാധ്യതയുണ്ട്. ഗ്രാന്റിനെ മാത്രം ആശ്രയിച്ച് സർവ്വകലാ ശാലയ്ക്ക് പ്രവർത്തിക്കാൻ കഴിയാത്തതിനാൽ പുതിയ കോഴ്സുകൾ ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ആരോമാറ്റിക് ആന്റ് മെഡിസിനൽ പ്ലാന്റ് റിസർച്ച് സ്റ്റേഷനിലെ കാഷ്വൽ തൊഴിലാളി നിയമനവുമായി ബന്ധപ്പെട്ട് 2001-ൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടി ട്ടുള്ളവർക്ക് മുഴുവൻ നിയമനം നൽകിയതിനുശേഷമേ മറ്റ് സ്റ്റേഷനുകളി ലേക്കുള്ള സ്ഥിരമോ താൽക്കാലികമോ ആയ നിയമനങ്ങൾ നടത്താവൂ എന്ന ഹൈക്കോടതി വിധിയുണ്ട്. പ്രസ്തുത വിധി ഭേദഗതി ചെയ്ത് ലഭിക്കു ന്നതിന് ഹർജി സമർപ്പിച്ചിട്ടുണ്ട്.

## (24) പട്ടികജാതിയിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം

ശ്രീ. വി. പി. സജീന്ദ്രൻ : പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് പണിയുന്നതിനും സ്ഥലം വാങ്ങുന്നതിനുമുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) : ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും ഭവനനിർമ്മാണത്തിന് നൽകുന്ന ധനസഹായം 2 ലക്ഷം രൂപയായും ഭൂരഹിതരായവർക്ക് സ്ഥലം വാങ്ങുന്നതിന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വഴി നൽകി വരുന്ന ധനസഹായം യഥാക്രമം 1,50,000, 1,75,000, 2,00,000 രൂപയായും ഉയർത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

## (25) സമഗ്ര പിൽഗ്രിം ടൂറിസം പദ്ധതി

ശ്രീ. തോമസ് ഉണ്ണിയാടൻ : തൃശൂർ ജില്ലയിലെ കൂടൽമാണിക്യം, തൃപ്രയാർ ശ്രീരാമക്ഷേത്രം, മൂഴിക്കുളം ലക്ഷ്മണ ക്ഷേത്രം, പായമ്മൽ ശത്രുഘ്ന ക്ഷേത്രം എന്നീ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലേക്കുള്ള ഭക്തജന പ്രവാഹം കണക്കിലെടുത്ത് നാലമ്പല ദർശനമെന്ന ആചാരം സമഗ്ര പിൽഗ്രിം ടൂറിസം പദ്ധതിയിൽപെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യം, തൃപ്രയാർ, പായമ്മൽ, മൂഴിക്കുളം എന്നീ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തിയാണ് 'നാലമ്പലങ്ങൾ' എന്ന് വിശേഷിപ്പിക്കുന്നത്. തൃപ്രയാർ ശ്രീരാമ ക്ഷേത്രത്തിൽ തുടങ്ങി ഇരിങ്ങാലക്കുട ഭരതക്ഷേത്രത്തിലും പായമ്മൽ ശത്രുഘ്ന ക്ഷേത്രത്തിലും ദർശനം നടത്തി മൂഴിക്കുളം ലക്ഷ്മണ ക്ഷേത്രത്തിൽ അവസാനിക്കുന്ന ഈ ഏകദിന തീർത്ഥാടനത്തിന്

സംസ്ഥാനത്തിന്റേയും രാജ്യത്തിന്റേയും വിവിധ ഭാഗങ്ങളിൽ നിന്നും ഹിന്ദുമത വിശ്വാസികളും വിനോദസഞ്ചാരികളും എത്തുന്നുണ്ട്. ഈ നാലമ്പലങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് ഒരു തീർത്ഥാടന ടൂറിസം പദ്ധതിക്ക് രൂപം നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(26) ഭവന വായ്പ അടച്ചുതീർത്തവരുടെ ആധാരങ്ങൾ**

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: പ്രൈമറി കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയിൽ ഭവന വായ്പ തിരിച്ചടച്ചവർക്ക് ആധാരം തിരിച്ചു നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): പ്രാഥമിക ഹൗസിംഗ് സംഘങ്ങൾക്ക് വായ്പ നൽകുന്നത് കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനാണ്. കൽപ്പറ്റ ഹൗസിംഗ് സഹകരണ സംഘത്തിൽ പലിശയടക്കം തിരിച്ചടച്ച പതിനെട്ട് പേരുടെ പണയാധാരം തിരികെ നൽകുന്നതിന് വയനാട് ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രമാണം തിരികെ നൽകുന്നത് സംബന്ധിച്ച് തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളള്ളണമെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ഒരു പ്രത്യേക പദ്ധതി അംഗീകരിക്കുകയും പ്രസ്തുത പദ്ധതി പ്രകാരം പ്രാഥമിക ഭവനനിർമ്മാണ സംഘങ്ങളിൽനിന്നും ഈടാക്കേണ്ട പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നതിനും അർഹതപ്പെട്ടവർക്ക് പലിശയുടെ പരമാവധി 25 ശതമാനം കിഴിവ് നൽകുന്നതിനും ഓഹരി അനുപാതം പുനർനിർണ്ണയം ചെയ്യുന്നതിനും അധികം വരുന്ന ഓഹരിത്തുക സംഘത്തിന് തിരികെ നൽകി വായ്പാ കണക്കിൽ വരവ് വച്ച് പ്രമാണങ്ങൾ തിരികെ നൽകുന്നതിനും അനുമതി

നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (27) പലിശരഹിത വായ്പയുടെ വർദ്ധിപ്പിച്ച ഇൻഷ്വറൻസ് പ്രീമിയം

ശ്രീ. കെ.വി. വിജയദാസ്: അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് സ്കീം പ്രകാരം കൃഷിക്കാർ പോളിസി എടുക്കുമ്പോൾ കൈവശ ഭൂമിയുടെ അനുപാതം കണക്കാക്കി പ്രീമിയം അടയ്ക്കണമെന്ന വ്യവസ്ഥ, പലിശ രഹിത വായ്പയുടെ ഉദ്ദേശ്യശുദ്ധിയെ ബാധിക്കുന്നതിനാൽ പ്രസ്തുത പ്രീമിയം തുക അടയ്ക്കുന്നതിൽനിന്നും കർഷകരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ജില്ലാ സഹകരണ ബാങ്കുകളുടെ നേതൃത്വത്തിലുള്ള ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന വായ്പാതോതിന് വിധേയമായാണ് സംസ്ഥാനത്ത് കാർഷിക വായ്പ വിതരണം ചെയ്യുന്നത്. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന്റെ നഷ്ടം നികത്തുന്നതിനാണ് കാർഷിക വായ്പ വിതരണം ചെയ്യുമ്പോൾ വിള ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടുള്ളത്. 2010-ൽ ഇപ്രകാരം നെൽക്കൃഷിക്ക് 25,000 രൂപ വരെ വായ്പ നൽകിയപ്പോൾ 2,758 രൂപയും 2011-ൽ 25,000 രൂപ വരെയുള്ള വായ്പയ്ക്ക് 2,500 രൂപയും ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കേണ്ടതായിരുന്നു. കർഷകൻ ആകെ 625 രൂപ അടയ്ക്കേണ്ടതും ബാക്കി തുക കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ 50:50 എന്ന അനുപാതത്തിൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിക്ക് അടയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം സർക്കാർ അനുവദിക്കുന്ന ഇൻഷ്വറൻസ് പ്രീമിയത്തിന് പുറമെയാണ് നെൽക്കൃഷിക്ക് പലിശയില്ലാതെ

വായ്പ നൽകുന്നത്. 2010-11 വർഷത്തെ അപേക്ഷിച്ച് 2011-12 വർഷത്തിൽ കർഷകർ അടയ്ക്കേണ്ട ഇൻഷ്വറൻസ് പ്രീമിയം വിഹിതത്തിൽ 18 രൂപയുടെ വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ് പിൻവലിക്കുന്നതുസംബന്ധിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യയുമായി കൂടിയാലോചിച്ച് മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളു.

### (28) <u>പുതിയ താലൂക്കുകളുടെ രൂപീകരണം</u>

<u>ശ്രീ. സണ്ണി ജോസഫ്:</u> ജനസംഖ്യ, വിസ്തൃതി, വില്ലേജുകളുടെ എണ്ണം എന്നീ ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താലൂക്കുകൾ പുന:സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): താലൂക്ക്-വില്ലേജ്തല പുന:സംഘടനയുമായി ബന്ധപ്പെട്ട് ലാൻറ് റവന്യൂ കമ്മീഷണറേറ്റിന്റെ സഹായത്തോടുകൂടി തയ്യാറാക്കിയ പഠനറിപ്പോർട്ടിൽ തലശ്ശേരി, തളിപ്പറമ്പ് താലൂക്കുകൾ വിഭജിച്ച് ഇരിട്ടി ആസ്ഥാനമാക്കി ഒരു പുതിയ താലൂക്ക് രൂപീകരിക്കുന്നത് രണ്ടാമത്തെ പ്രയോരിറ്റിയായാണ് നിശ്ചയിച്ചിട്ടുള്ളത്. ജനസംഖ്യ, ഭൂവിസ്തൃതി, സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത, നിയോജകമണ്ഡലത്തിന്റെ വിഭജനം തുടങ്ങിയവകൂടി പരിശോധിച്ചുമാത്രമേ പുതിയ താലൂക്ക് രൂപീകരിക്കുവാൻ കഴിയുകയുള്ളൂ.

### (29) <u>അഴീക്കൽ പോർട്ടിന്റെ ലാന്റ് അക്വിസിഷൻ</u>

<u>ശ്രീ. റ്റി. വി. രാജേഷ്:</u> കണ്ണൂർ ജില്ലയിലെ അഴീക്കൽ പോർട്ടിന്റെ വികസത്തിനാവശ്യമായ ലാന്റ് അക്വിസിഷന് അവാർഡ് തുക ലഭ്യമാക്കാനും തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കാനും വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അഴീക്കൽ തുറമുഖ വികസനത്തിനായി **1.8** ഹെക്ടർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് **66** ലക്ഷം രൂപ തുറമുഖ വകുപ്പ് അനുവദിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**(30) പേരാമ്പ്രയിലെ മലബാർ മാർക്കറ്റിംഗ് കമ്മിറ്റി വക സ്ഥലം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: പേരാമ്പ്ര മലബാർ മാർക്കറ്റിംഗ് കമ്മിറ്റിക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലം മുൻഉടമയ്ക്ക് നൽകാനുള്ള ഉത്തരവ് റദ്ദാക്കി സർക്കാരിൽ നിക്ഷിപ്തമാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പേരാമ്പ്ര മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ **1.36** ഏക്കർ സ്ഥലം ശ്രീമതി കല്യാണിയമ്മയ്ക്ക് തിരികെ നൽകിയ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നതു സംബന്ധിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ കൈക്കൊള്ളുന്നതാണ്.

**(31) എൻ.ആർ.എച്ച്.എം.-ൽ പെട്ട ആരോഗ്യകേന്ദ്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം**

ശ്രീ. കെ. രാജു: എൻ.ആർ.എച്ച്.എം. സ്കീമിൽ ഉൾപ്പെടുത്തി ആരംഭിച്ച ആരോഗ്യകേന്ദ്രങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ശമ്പളം നൽകുന്നതിനുള്ള തീരുമാനമുണ്ടാകണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ.മുനീർ): പല പഞ്ചായത്തുകളുടെയും സാമ്പത്തിക സ്ഥിതി മോശമായ സാഹചര്യത്തി

ലാണ് എൻ.ആർ.എച്ച്.എം. സ്കീമിലുൾപ്പെടുത്തി ആരംഭിച്ച ആരോഗ്യകേന്ദ്ര ങ്ങളിലെ ജീവനക്കാർക്ക് പഞ്ചായത്തുഫണ്ടിൽ നിന്നും ശമ്പളം കൊടുക്കേ ണ്ടതില്ല എന്ന ഉത്തരവ് ഇറക്കിയത്. ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ സാമ്പത്തികമായി മെച്ചപ്പെട്ട പഞ്ചായത്തുകൾ ഈ പദ്ധതി പ്രകാരം നിയമിച്ച താത്കാലിക ജീവനക്കാർക്ക് ശമ്പളം നൽകാനും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പഞ്ചായത്തുകളിലെ താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായ ഹൈപവർ കമ്മിറ്റിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

## (32) ബാലവേല നിർത്തലാക്കാൻ നടപടി

ശ്രീ. അൻവർ സാദത്ത് : ബാലവേല നിരോധന നിയമപ്രകാരം കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളെക്കുറിച്ചും ബാലവേല നിർത്തലാക്കുന്നതിന് സ്വീകരിച്ച നടപടിക ളെക്കുറിച്ചും വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബാലവേലയ്ക്കും ബാലഭിക്ഷാടന ത്തിനുമെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന നോഡൽ ഓഫീസറായി കണ്ണൂർ ഡി.ഐ.ജി.യെ (ശ്രീ. ശ്രീജിത്ത്) നിയമി ച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് ഡിസ്ട്രിക്ടിലും ഒരു ഡിവൈ.എസ്.പി./ അസിസ്റ്റന്റ് കമ്മീഷണറെ ഇതിനുവേണ്ടി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## (33) ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഗസ്റ്റ്

അദ്ധ്യാപകരുടെ വേതനം 2010-ലെ ശമ്പള കമ്മീഷൻ റിപ്പോർട്ട് പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (34) കാസർഗോഡ് കേന്ദ്ര സർവ്വകലാശാല

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കേന്ദ്ര സർവ്വകലാശാലയുടെ കാമ്പസ് കാസർഗോഡ് ജില്ലയിലെ പെരിയയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കാസർഗോഡ് ജില്ലയിലെ പെരിയയിൽ കേന്ദ്ര സർവ്വകലാശാലയ്ക്കായി പ്ലാന്റേഷൻ കോർപ്പറേഷൻ സൗജന്യമായി പതിച്ചുനൽകിയ 310 ഏക്കർ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം എൻഡോസൾഫാൻ ദുരിതബാധിത പ്രദേശത്ത് ഉൾപ്പെട്ടതായതിനാൽ അവിടുത്തെ മണ്ണും വെള്ളവും ആരോഗ്യത്തിന് ഹാനികരമാണോയെന്നതുസംബന്ധിച്ച ശാസ്ത്രീയ പഠനറിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (35) എടപ്പാൾ എൽ.പി. സ്ക്കൂളിലെ അറബിക് അദ്ധ്യാപികയുടെ നിയമനം

ഡോ. കെ.ടി. ജലീൽ: ഒരു ഫുൾ ടൈം അറബിക് അദ്ധ്യാപക തസ്തിക നിലനിറുത്തുന്നതിന് 28 മുസ്ലീം കുട്ടികൾ വേണമെന്ന കെ.ഇ.ആർ.

ലെ വ്യവസ്ഥ നീക്കി എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്ക്കൂളിൽ ജോലി ചെയ്തുവരുന്ന അറബിക് അദ്ധ്യാപികയെ ഫുൾടൈം അറബിക് അദ്ധ്യാപികയായി തുടരാൻ പ്രത്യേക ഉത്തരവ് നൽകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): എടപ്പാൾ ഗവൺമെന്റ് എൽ.പി. സ്ക്കൂളിൽ അറബി പഠിക്കുന്ന മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം കുറവായതിനാൽ നിലവിലുള്ള അറബിക് അദ്ധ്യാപികയെ പാർട്ട് ടൈമായി തുടരാൻ അനുവദിക്കുന്നതും ഇത് സംബന്ധിച്ച് കെ.ഇ.ആർ. ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതുമാണ്.

## (36) അദ്ധ്യാപകരുടെ അപര്യാപ്തത

ശ്രീ. പി.ബി. അബ്ദുൾ റസാക്: മഞ്ചേശ്വരത്തെ സർക്കാർ സ്ക്കൂളുകളിൽ സ്ഥിരം ഭാഷാദ്ധ്യാപകരെ നിയമിക്കാനവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽപ്പെട്ട സർക്കാർ സ്ക്കൂളുകളിലെ ഭാഷാദ്ധ്യാപകരുടെ ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (37) ഭാരതപ്പുഴയുടെ സംരക്ഷണം

ശ്രീ. സി. പി. മുഹമ്മദ്: മലിനീകരണവും കയ്യേറ്റവും മണൽവാരലും നിയന്ത്രിച്ച് ഭാരതപ്പുഴയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ജലമലിനീകരണം തടയുന്നതിനും നദീജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും

ചുമതലയുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഭാരതപ്പുഴ യുടെ വിവിധ ഭാഗങ്ങളിൽ നിന്നും മാസംതോറും ജലസാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം നിർണ്ണയം ചെയ്തുവരുന്നുണ്ട്. സംസ്ഥാന ജലനയം അടിസ്ഥാനമാക്കി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നതും ഭാരതപ്പുഴയെ സംരക്ഷിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കു ന്നതുമാണ്.

### (38) <u>മണലൂരിലെ കുടിവെള്ളക്ഷാമം</u>

<u>ശ്രീ. പി. എ. മാധവൻ:</u> മണലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പീച്ചിയിലെ ശുദ്ധജലവിതരണ പദ്ധതികളിൽ നിന്നും വെള്ളം ലഭ്യമാക്കാനും തൃത്താല-ചാലുശ്ശേരി-പാവറട്ടി ശുദ്ധജല വിതരണ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും പാവറട്ടിയിലെ വാട്ടർ ടാങ്ക് അടിയന്തിരമായി പുതുക്കിപ്പണിയുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി. ജെ. ജോസഫ്):</u> മണലൂർ നിയോജ കമണ്ഡലത്തിൽ നടപ്പാക്കിവരുന്ന മണലൂർ-കാരമുക്ക് ശുദ്ധജല വിതരണ പദ്ധതിയുടെ പമ്പിംഗ് മെയിനിൽ നിന്നുള്ള മൂന്ന് കനാൽക്രോസിംഗ് ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചുവരുന്നു. വെങ്കിടങ്ങ് പദ്ധതിയുടെ ഒ.എച്ച്. ടാങ്ക്, പമ്പിംഗ് മെയിൻ എന്നിവ പൂർണ്ണമായും വിതരണശൃംഖല ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. മണലൂർ- കാരമുക്ക് പദ്ധതിയിൽപ്പെടു ത്തി ചെമ്പുക്കാവ് മുതൽ ഒളരി സമ്പ് വരെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ/മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ തുടങ്ങിയവയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ

കൈക്കൊള്ളുന്നതുമാണ്. പാവറട്ടി വാട്ടർ ടാങ്കിന്റെ നില പ്രത്യേകമായി പരിശോധിക്കുന്നതാണ്.

## (39) CWRDM-ന്റെ പ്രവർത്തനം

ശ്രീ. പി.ടി.എ. റഹീം: CWRDM-നെ കാര്യക്ഷമമാക്കാനും അവിടെ ജലപരിശോധനയ്ക്കുള്ള മൊബൈൽ ലാബ് സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി CWRDM-ന്റെ നേതൃത്വത്തിൽ ഒരു മൊബൈൽ വാട്ടർ ടെസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മൂന്ന് സ്ഥലങ്ങളിൽ ലാബുകൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പ്രോജക്റ്റ് റിപ്പോർട്ട് അടുത്ത എസ്.എൽ.എസ്.സി. മീറ്റിംഗിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## (40) റെഗുലേറ്റർ കം ബ്രിഡ്ജ്

ശ്രീ. എം.പി. വിൻസെന്റ്: തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ നിയോജക മണ്ഡലത്തിൽ മണലിപ്പുഴയിലുള്ള കൈന്നൂർച്ചിറയിലെ റെഗുലേറ്റർ കം ബ്രിഡ്ജ് പുതുക്കിപ്പണിയാനും ആവശ്യമായ സ്ഥലങ്ങളിൽ സുരക്ഷാവേലി നിർമ്മിക്കാനും ചിറയ്ക്കുതാഴെ അപകടകരമായ നിലയിൽ സ്ഥിതിചെയ്യുന്ന പാറക്കൂട്ടങ്ങൾ നീക്കം ചെയ്യാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഒല്ലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട നടത്തറയിലെ കൈന്നൂർച്ചിറയിൽ നിരന്തരമുണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് പലകഷട്ടറുകൾ മാറ്റി റെഗുലേറ്റർ കം

ബ്രിഡ്ജ് നിർമ്മിക്കുന്നതിനെക്കുറിച്ച് പ്രാഥമിക പഠനം നടത്തി മേൽനടപടികൾ കൈക്കൊള്ളുന്നതാണ്.

**(41) പെരുമ്പാവൂർ കോടതി കെട്ടിട സമുച്ചയം**

ശ്രീ. സാജു പോൾ: പെരുമ്പാവൂർ കോടതി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പെരുമ്പാവൂർ കോടതി കെട്ടിട സമുച്ചയത്തിന്റെ പ്ലാനിന് ഹൈക്കോടതിയുടെ അംഗീകാരം ലഭിച്ചാലുടൻ ഫൈനൽ ഡ്രോയിംഗും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(42) ബേപ്പൂർ ഫറോക്ക്-കരുവൻതുരുത്തി റോഡ്**

ശ്രീ. എളമരം കരീം: ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക്-കരുവൻതുരുത്തി റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹി കുഞ്ഞ്): ഫറോക്ക്-കരുവൻതുരുത്തി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി സി.ആർ.എഫ്.-ൽപ്പെടുത്തി ചെയ്യുന്നതിനായി ടെന്റർ ചെയ്തുകഴിഞ്ഞു. മലബാർ അസോസിയേറ്റ്സ്, മഞ്ചേരി എന്ന കമ്പനി പ്രവൃത്തി ഏറ്റെടുക്കുകയും കരാറുകാരന് സൈറ്റ് ഹാന്റ്ഓവർ ചെയ്യുകയും ചെയ്തു. താൽക്കാലിക റിപ്പയറുകൾ ഉടനെ ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കുന്നതാണ്.

## (43) പെരുമ്പട്ട-കുണ്ഠ്യം പാലം

ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി-കുണ്ഠ്യം പാലാവയൽ റോഡിൽ തേജസ്വിനി പുഴയ്ക്ക് കുറുകെ പെരുമ്പട്ടയിൽ പാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): കയ്യൂർ-ചീമേനി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പെരുമ്പട്ട-കുണ്ഠ്യം പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (44) വാഹനാപകടങ്ങൾ

ശ്രീ. ബി. ഡി. ദേവസ്സി: എൻ.എച്ച്. 47-ൽ ചാലക്കുടി-പൊങ്ങം മുതൽ കൊടകര വരെയുള്ള ഭാഗത്തുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ദേശീയ പാത 47-ൽ തൃശ്ശൂരിനും അങ്കമാലിക്കും ഇടയ്ക്കുള്ള പതിനൊന്ന് ജംഗ്ഷനുകളിൽ ആറെണ്ണത്തിൽ ഫ്ളൈ ഓവറുകളും അണ്ടർപാസുകളും നിർമ്മിച്ചു കഴിഞ്ഞു. അഞ്ച് ജംഗ്ഷനുകളുടെ നവീകരണ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മറ്റ് സ്ഥലങ്ങളിൽ സൈൻബോർഡുകൾ സ്ഥാപിച്ച് അപകട രഹിതമാക്കുവാൻ ശ്രമം നടക്കുന്നുണ്ട്. ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലും പുതുക്കാട് ജംഗ്ഷനിലും അനുവദിച്ചിട്ടുള്ള അണ്ടർപാസുകളുടെ പണി അനിശ്ചിതാവസ്ഥയിലാണ്.

## (45) മരാമത്ത് റോഡുകളുടെ ശോചനീയാവസ്ഥ

ശ്രീ. എം. ഉമ്മർ: പി.ഡബ്ലിയു.ഡി. റോഡുകളുടെ അനധികൃത കയ്യേറ്റവും ശോചനീയാവസ്ഥയും പരിഹരിക്കുന്നതിന് ഫ്ളൈയിംഗ് സ്ക്വാഡും മൊബൈൽ യൂണിറ്റും സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): റോഡുക ളിലുണ്ടാകുന്ന കുഴികൾ അടയ്ക്കുന്നതിന് പോട്ട്ഹോൾ ഫില്ലിംഗ് മെഷീൻ എന്ന യന്ത്രം തിരുവനന്തപുരം ജില്ലയിൽ ഉപയോഗിച്ചുവരുന്നുണ്ട്. ഈ യന്ത്രത്തിന്റെ ഉപയോഗം 13 ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുവാൻ കഴിഞ്ഞാൽ കുഴികൾ ഉടൻതന്നെ അടയ്ക്കാവുന്നതാണ്. മൊബൈൽ യൂണിറ്റ് സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## (46) ആയുർവേദ സർവ്വകലാശാല

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ ഒരു ആയുർവ്വേദ സർവ്വകലാശാലയായി ഉയർത്താനും കൂടുതൽ പി.ജി. കോഴ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോട്ടയ്ക്കൽ ആയുർവേദ കോളേജിനെ സർവ്വകലാശാലാ പദവിയിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതനുസരിച്ച് കോളേജിന്റെ പദവി സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്താനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും തീരുമാനിക്കുകയുണ്ടായി. നിലവിലുള്ള അഞ്ച് പി.ജി. കോഴ്സുകൾക്കുപുറമെ പുതിയ കോഴ്സുകളും ബെഡ്ഡും അനുവദിക്കു ന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (47) പോസ്റ്റുമോർട്ടം ചെയ്യുന്ന സമയം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വാഹനാപകടത്തിൽപ്പെട്ട് മരിക്കുന്നവരുടെ ജഡം വൈകുന്നേരം നാലുമണിക്കുശേഷവും പോസ്റ്റുമോർട്ടം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംശയാസ്പദമായ സാഹചര്യങ്ങളിൽ മരണമടയുന്നവരുടെ മൃതശരീരം നിയമപ്രകാരം ഇൻക്വസ്റ്റ് ചെയ്യേണ്ടതിനാൽ മൃതശരീരത്തിൽ കാണുന്ന മുറിവുകളും ചതവുകളും മറ്റ് അടയാളങ്ങളും സൂക്ഷ്മതയോടും കൃത്യമായും രേഖപ്പെടുത്തുന്നതിനും കുറ്റമറ്റ രീതിയിൽ പോസ്റ്റുമോർട്ടം നടത്തുന്നതിനും പകൽവെളിച്ചം അത്യാവശ്യമാണ്. വെളിച്ചക്കുറവുണ്ടായാൽ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പിഴവുകൾ കടന്നുകൂടാനും അത് കേസന്വേഷണത്തെ ബാധിക്കാനും ഇടയാകുമെന്നതിനാൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ നാല് മണിക്കുശേഷവും പോസ്റ്റുമോർട്ടം നടത്തുന്നതിനെക്കുറിച്ച് തീരുമാനിക്കുവാൻ കഴിയൂ. ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതാണ്.

## (48) പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ഥിരം ഡോക്ടറെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.എം. ഷാജി: അഴീക്കോട് പഞ്ചായത്തിലെ വൻകുളത്ത്‌വയൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഗൈനക്കോളജിസ്റ്റിനേയും നൈറ്റ് ഡ്യൂട്ടി ഡോക്ടറേയും നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കണ്ണൂർ ജില്ലയിലെ അഴീക്കോട് വൻകുളത്ത്‌വയൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ദിവസവും 210-ഓളംപേർ ഒ.പി.യിൽ വരാറുണ്ട്. നിലവിൽ 33 ബെഡ്ഡാണ്

ഇവിടെ അനുവദിച്ചിട്ടുള്ളത്. ഒഴിവുള്ള സിവിൽ സർജന്റെ തസ്തിക പ്രൊമോഷൻ വഴിയും അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് പി.എസ്.സി. വഴിയും നിയമനം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സിന്റെ നിലവിലുള്ള ഒഴിവുകൾ ജില്ലാ മെഡിക്കൽ ഓഫീസർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(49) മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ അപര്യാപ്തത**

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ ഡോക്ടർമാരെ നിയമിക്കാനും ലാബ് സൗകര്യം ഏർപ്പെടുത്താനും അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മണ്ണാർക്കാട് താലൂക്കാശുപത്രിയിൽ സൂപ്രണ്ടുൾപ്പെടെ അനുവദിക്കപ്പെട്ടിട്ടുള്ള 13 ഡോക്ടർമാരിൽ 4 ഡോക്ടർമാർ മാത്രമാണ് നിലവിലുള്ളത്. കാഷ്വാലിറ്റി വിഭാഗത്തിലേക്ക് ആവശ്യമായ 4 ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടില്ല. ഇപ്പോൾ ടേൺ ഡ്യൂട്ടി അടിസ്ഥാനത്തിലാണ് കാഷ്വാലിറ്റി പ്രവർത്തിച്ചുവരുന്നത്. അനസ്തേഷ്യ, മെഡിസിൻ, സർജറി, ഗൈനക്കോളജി എന്നീ വിഭാഗങ്ങളിലെ ഒഴിവുകളിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. അടിയന്തിര സാഹചര്യത്തിൽ അവശ്യസേവനം ഉറപ്പുവരുത്തുന്നതിനായി ഡോക്ടർമാരെ അഡ്ഹോക് അടിസ്ഥാനത്തിൽ നിയമിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (50) പിണറായി സി.എച്ച്.സി.

ശ്രീ. കെ. കെ. നാരായണൻ: ധർമ്മടം നിയോജകമണ്ഡലത്തിലെ പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ അഭാവംമൂലം നിറുത്തലാക്കിയ കിടത്തിച്ചികിത്സ അടിയന്തിരമായി പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പിണറായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇപ്പോഴും കിടത്തിച്ചികിത്സ നടത്തുന്നുണ്ട്. ജൂലൈ 1-ാം തീയതി മുതൽ ഇന്നുവരെ 114 രോഗികളെ കിടത്തിച്ചികിത്സിച്ചിട്ടുണ്ട്. ഒരു സിവിൽ സർജൻ, 3 അസിസ്റ്റന്റ് സർജൻസ്, 3 എം.ബി.ബി.എസ്. ഡോക്ടേഴ്സ് കൂടാതെ എൻ.ആർ.എച്ച്.എം. വഴി നിയമിക്കുന്നവരും ഇവിടെ ജോലി ചെയ്യുന്നുണ്ട്. ആവശ്യമായ പാരാമെഡിക്കൽ സ്റ്റാഫും ലാബ് സൗകര്യങ്ങളുമുണ്ട്. രാവിലെ 9 മണി മുതൽ 1 മണിവരെ ഒ.പി. സർവ്വീസും 1 മണിക്കുശേഷം ക്വാർട്ടേഴ്സിലൂടെ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് 24 മണിക്കൂറും കാൾഡ്യൂട്ടി നൽകുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് നിർദ്ദേശിച്ചിട്ടുണ്ട്.

### (51) ഹെൽത്ത് സെന്ററുകളിൽ ജീവനക്കാരുടെ അപര്യാപ്തത

ശ്രീ. സി. മോയിൻകുട്ടി: തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണാനും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പി.എച്ച്.സി.യിൽ കിടത്തിച്ചികിത്സ പുനരാരംഭിക്കാനും ചെറുവാടി സി.എച്ച്.സി.യിൽ ആവശ്യമായ

ഡോക്ടർമാരെ നിയമിക്കാനും മുക്കം സി.എച്ച്.സി.യിൽ ആർ.എം.ഒ., ഗൈനക്കോളജിസ്റ്റ് എന്നിവരെ നിയമിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തിരുവമ്പാടി നിയോജകമണ്ഡലത്തിൽ മുക്കം, ചെറുവാടി എന്നീ സി.എച്ച്.സി.കളും കോടഞ്ചേരി, കൊടിയത്തൂർ, തിരുവമ്പാടി എന്നീ പി.എച്ച്.സി.കളും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ആശുപത്രികളിൽ അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലും സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. കൂടുതൽ ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനേയും അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പി.എച്ച്.സി.കൾ സി.എച്ച്.സി.യായി ഉയർത്തിയപ്പോൾ ആവശ്യമായ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും അനുവദിക്കാത്തതുകൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

### (52) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവർക്ക് തൊഴിൽ ലഭ്യമാക്കാനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിക്കാനും തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നാൽപ്പത്തിമൂന്ന് ലക്ഷത്തോളം പേർ തൊഴിലിനുവേണ്ടി രജിസ്റ്റർചെയ്തിട്ടുണ്ടെങ്കിലും ഒരു

വർഷം 12500-ഓളം പേർക്ക് മാത്രമേ തൊഴിൽ നൽകാൻ സാധിക്കുന്നുള്ളൂ. ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് സഭയാണ് തീരുമാനിക്കേണ്ടത്. ഇവരെ സ്വകാര്യ മേഖലയിലേക്ക് ഡിപ്ലോയ് ചെയ്യുന്നതിനെക്കുറിച്ചും മറ്റ് കോഴ്സുകളും ജോബ് റിലേറ്റഡ് ട്രെയിനിംഗും നൽകുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. തൊഴിലില്ലായ്മാവേതനം 340000 പേർക്ക് കൊടുക്കുന്നുണ്ടെങ്കിലും അതൊരു സോഷ്യൽ സെക്യൂരിറ്റിയായി മാത്രമേ കാണാൻ സാധിക്കൂ.

## (53) പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: വർഷങ്ങളായി പൂട്ടിക്കിടക്കുന്ന പീരുമേട് ടീ കമ്പനി തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ സംസ്ഥാന സർക്കാർ കക്ഷി ചേരുകയും തൊഴിലാളികളെ പീഡിപ്പിക്കുന്ന മാനേജുമെന്റിനെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പീരുമേട് ടീ കമ്പനി തോട്ടങ്ങൾ ഏറ്റെടുത്ത് വിൽപ്പന നടത്താൻ ടീ-ബോർഡ് നോട്ടിഫൈ ചെയ്തെങ്കിലും ഹൈക്കോടതി ആ നോട്ടിഫിക്കേഷൻ സ്റ്റേ ചെയ്യുകയാണ് ചെയ്തത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളും ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി നടത്തിയ ചർച്ചയിൽ മാനേജുമെന്റിന്റെയും ട്രേഡ് യൂണിയന്റെയും പ്രതിനിധികൾ നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സർക്കാർ ഇവരുമായി വീണ്ടും ചർച്ച ചെയ്യുന്നതും തോട്ടങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ പരിശ്രമം നടത്തുന്നതുമാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

പന്ത്രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2011 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

**തെരഞ്ഞെടുപ്പ് റദ്ദുചെയ്തത് സംബന്ധിച്ച്**

ശ്രീ.എ.കെ. ബാലൻ: കോഴിക്കോട് സർവ്വകലാശാല സെനറ്റിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിന് നിയമസഭാ സാമാജികരായ ആറ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം 23-06-2011-ൽ പ്രസിദ്ധീകരിക്കുകയും നോമിനേഷൻ സമർപ്പിക്കുകയും ചെയ്തെങ്കിലും ഒരു കാരണവും പറയാതെ അത് റദ്ദ് ചെയ്തതായി വരണാധികാരി കൂടിയായ നിയമസഭാ സെക്രട്ടറി പുറപ്പെടുവിച്ച വിജ്ഞാപനം സഭയോടുള്ള അവഹേളനമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഇലക്ഷൻ സ്റ്റാറ്റ്യൂട്ട് അനുസരിച്ച് ചാപ്ടർ 2, സെക്ഷൻ 34 പ്രകാരം പേപ്പർ നോട്ടിഫിക്കേഷന്റെ അപ്രൂവൽ കൊടുക്കേണ്ടത് വൈസ്ചാൻസലറാണെങ്കിലും അന്നത്തെ ആക്ടിംഗ് രജിസ്ട്രാറാണ് അപ്രൂവൽ കൊടുത്തിട്ടുള്ളത്. റിട്ടേണിംഗ് ഓഫീസർക്ക് പകരം അന്നത്തെ സെക്ഷൻ ഓഫീസറും ഡെപ്യൂട്ടി രജിസ്ട്രാറുമാണ് പത്രപ്പരസ്യം കൊടുത്തത്. അവരുടെ ഓഫീസിലുള്ള നോട്ട് ഫയലാണ് പത്ര നോട്ടിഫിക്കേഷനായി പുറത്തുവന്നത്. ഇത് രണ്ടും നിയമവിരുദ്ധമായതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പ് റദ്ദാക്കാൻ

തീരുമാനിച്ചത്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കാം. എം.എൽ.എ.മാരുടെ അവകാശ ങ്ങൾ ഹനിക്കണമെന്നുള്ള ഉദ്ദേശ്യം ഈ സർക്കാരിനില്ല.

മി. സ്പീക്കർ : വിദ്യാഭ്യാസ വകുപ്പുമന്ത്രി നടപടി സ്വീകരിക്കുമെന്ന് പറഞ്ഞുകഴിഞ്ഞു.

**നിയമനിർമ്മാണകാര്യം**

**2011-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2011-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ം നമ്പർ)] ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2011-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ം നമ്പർ)] ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആർ. രാജേഷ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികളേയും വികസന പ്രവർത്തനങ്ങളേയും ഈ ബഡ്ജറ്റിൽ അവഗണിച്ചിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ ഭരണ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളുടെ വികസ

നത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടിന്റെ ഏതാണ്ട് 93 ശതമാനം വരെ വിനിയോഗിച്ചു. ഒ.ബി.സി. വിഭാഗത്തിന് ഒരു വർഷം 900 രൂപ സ്റ്റൈപ്പെന്റ് അനുവദിച്ചതും മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാർക്കു വേണ്ടിയുള്ള കുമാരപിള്ള കമ്മീഷൻ ശുപാർശ നടപ്പാക്കിയതും പോസ്റ്റ് ഗ്രാഡ്യുവേറ്റ്സിനും പ്രൊഫഷണൽസിനും കൊടുക്കുന്ന ധനസഹായം ഇരട്ടിയാക്കുകയും പ്രീ മെട്രിക് ഹോസ്റ്റൽ അലവൻസ് 1,300 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ അലവൻസ് 1,500 രൂപയായും വർദ്ധിപ്പിച്ചതും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. ഭൂരഹിതരായ 25000-ൽപ്പരം പേർക്ക് കഴിഞ്ഞ ഗവൺമെന്റ് ഭൂമി വിതരണം ചെയ്തുവെങ്കിലും അവരുടെ റീഹാബിലിറ്റേഷനുവേണ്ടി ഈ ബഡ്ജറ്റിൽ ഒരു രൂപപോലും വകയിരുത്തിയില്ല. വീട് വയ്ക്കുവാനുള്ള ധനസഹായം എസ്.സി. വിഭാഗക്കാർക്ക് ഒരു ലക്ഷം രൂപയായും എസ്.ടി. വിഭാഗക്കാർക്ക് ഒന്നേകാൽ ലക്ഷം രൂപയായും പ്രിമിറ്റീവ് ആദിവാസികൾക്ക് ഒന്നര ലക്ഷം രൂപയായും വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി ഗവേഷണ പാർക്കിന് 50 ലക്ഷം രൂപയും മലയാള സർവ്വ കലാശാലയ്ക്ക് ഒരു കോടി രൂപയും വൊക്കേഷണൽ ട്രെയിനിംഗ് സ്പെഷ്യൽ കോംപോണൻസിന് രണ്ട് കോടി രൂപയും ഈ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത് തികച്ചും അപര്യാപ്തമാണ്. മലയാളത്തെ ഒന്നാം ഭാഷയാക്കി മാറ്റാൻ എൽ.ഡി.എഫ്. എടുത്ത സമീപനം തുടരുന്നതിനെ സ്വാഗതം ചെയ്യുന്നു. ഹയർ സെക്കണ്ടറി മേഖലയിലെ താൽക്കാലിക ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ബഡ്ജറ്റിനെ തുടർന്ന് വന്നിട്ടുള്ള ധവളപത്രം സംസ്ഥാനത്തിന്റെ യഥാർത്ഥ

സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതാണ്. കേരളത്തിന്റെ ജി.എസ്.ഡി.പി. 2004-05 വർഷത്തിൽ 23.34 % ആയിരുന്നത് 2009-10 ആയപ്പോൾ 14.57 % ആയി കുറഞ്ഞു. ബഡ്ജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുകയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കുന്ന സമീപനമാണ് കഴിഞ്ഞ ഗവണ്മെന്റ് സ്വീകരിച്ചത്. യാഥാർത്ഥ്യ ബോധമുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാധാരണക്കാരനുമേൽ പുതിയ നികുതി ചുമത്താതെ വികസനത്തിന് പണം കണ്ടെത്തിയിരിക്കുന്നത് ഈ ഗവണ്മെന്റിന്റെ വിദഗ്ദ്ധമായ ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും റവന്യൂക്കമ്മി കുറയ്ക്കാനും ഈ ബഡ്ജറ്റിൽ സാധിച്ചു. കുടുംബ സംബന്ധമായ പ്രമാണങ്ങളുടെ രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടി കുറച്ച നടപടി സ്വാഗതാർഹമാണ്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, വനം-പരിസ്ഥിതി നിയമത്തിൽ നിന്നും കൃഷിഭൂമിയെ ഒഴിവാക്കൽ തുടങ്ങിയവയും 'എമർജിംഗ് കേരള'യിലൂടെ 'ജിം'-ന് പുനരാവിഷ്ക്കാരം നൽകാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. നാല് പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത് രോഗികൾക്ക് മാത്രമല്ല മെഡിക്കൽ വിദ്യാഭ്യാസ മേഖലയ്ക്കും പ്രതീക്ഷ നൽകുന്നതാണ്. സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ പ്രശംസനീയമാണ്. കൃത്യമായ ധനവിനിയോഗത്തിലൂടെ വാർഷിക പദ്ധതികളെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം.

ശ്രീ. വി. ശശി : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പുതുക്കിയ ബഡ്ജറ്റിൽ ജനവിരുദ്ധ നയങ്ങളും പ്രാദേശിക അസന്തുലിതാവസ്ഥയും മാത്രമാണുള്ളത്. പ്രതിപക്ഷം ചൂണ്ടിക്കാണിച്ച ജനവിരുദ്ധ നയങ്ങൾ

തിരുത്താൻ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. പരമ്പരാഗത വ്യവസായം, തീരദേശ മത്സ്യത്തൊഴിലാളി മേഖല, പട്ടികവിഭാഗങ്ങൾ തുടങ്ങി സമസ്ത മേഖലകളെയും സർക്കാർ അവഗണിച്ചിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച പല പദ്ധതികളും പുതുക്കിയ ബഡ്ജറ്റിൽ ഒഴിവാക്കിയിരിക്കുകയാണ്. പ്രീമെട്രിക് വിദ്യാഭ്യാസ മേഖലയിലെ പട്ടിക വിഭാഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപന്റും ലംപ്സം ഗ്രാന്റും വർദ്ധിപ്പിക്കുന്നതിന് മതിയായ തുക വകയിരുത്താത്തത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് പ്രാധാന്യം നൽകി വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ പ്രാദേശിക അസന്തുലിതാവസ്ഥയുണ്ടെന്ന പ്രതിപക്ഷത്തിന്റെ പ്രചരണം രാഷ്ട്രീയപ്രേരിതമാണ്. സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തികസ്ഥിതി വ്യക്തമാക്കുന്ന ധവളപത്രമാണ് സഭയിൽ സമർപ്പി ച്ചിട്ടുള്ളത്. സ്മാർട്ട് സിറ്റി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കണ്ണൂർ വിമാനത്താവളം എന്നീ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ ഈ ബഡ്ജറ്റിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷിക്കാർക്ക് അർഹമായ പരിഗണന നൽകിക്കൊണ്ട് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തി. രാഷ്ട്രീയമായ വിമർശനങ്ങൾ ഒഴിവാക്കി സംസ്ഥാന നന്മയ്ക്കായി പ്രവർത്തിക്കാൻ പ്രതിപക്ഷം തയ്യാറാകണം. റോഡ് ഡെവലപ്മെന്റ് പ്രോജക്ട് ഉൾപ്പെടെ കൃത്യമായ ധനവിനിയോഗത്തിലൂടെ സംസ്ഥാനത്തിന്റെ ഭാവി വികസനത്തി നുതകുന്നതരത്തിൽ പദ്ധതികൾ നടപ്പാക്കാൻ ഈ ബഡ്ജറ്റിലൂടെ

സാധിക്കും. സാമ്പത്തിക അച്ചടക്കം പാലിച്ചും അനുവദിക്കുന്ന തുക ഫലപ്രദമായി ചെലവഴിച്ചും വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം.

ശ്രീമതി കെ. കെ. ലതിക : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്ന നടപടികളാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. കഴിഞ്ഞ ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾവഴി ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകൾക്ക് വീടുവച്ച് നൽകിയ നടപടി ശ്ലാഘനീയമാണ്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ കാരണം സമസ്ത വിഭാഗം ജനങ്ങളും ബുദ്ധിമുട്ടനുഭവിക്കുകയാണ്. വയനാട് ജില്ലയിൽ ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ നൽകാനുള്ള നടപടി സ്വീകരിക്കണം. മാന്ദ്യ വിരുദ്ധ പാക്കേജ്, മലബാർ പാക്കേജ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വേണ്ടത്ര പ്രാധാന്യം കൊടുത്തില്ല.

ശ്രീ. എ.എ. അസീസ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പണം കടമെടുത്തും വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞ സർക്കാരിന് സാധിച്ചു. കഴിഞ്ഞ സർക്കാർ കക്ഷി രാഷ്ട്രീയ ഭേദമെന്യേ എല്ലാ മണ്ഡലങ്ങളുടെ വികസനത്തിനും തുക അനുവദിച്ചിരുന്നു. എന്നാൽ തുച്ഛമായ വിഹിതമാണ് യു.ഡി.എഫ്. സർക്കാർ ഈ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. കഴിഞ്ഞ സർക്കാർ ക്ഷേമ പെൻഷനുകൾ ഏകീകരിക്കുകയും കുടിശ്ശികകൾ മുഴുവൻ കൊടുത്തുതീർക്കുകയും ചെയ്തു. സംസ്ഥാനത്ത് പണമില്ലായെന്ന് വരുത്തിതീർത്ത് വികസന പ്രവർത്തനങ്ങളെ മുരടിപ്പിക്കാനാണ് ധവളപത്രത്തിലൂടെ ഈ സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. സി.കെ. നാണു: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. രാസവളങ്ങളുടെ വില വർദ്ധിപ്പിച്ചതുമൂലം ദുരിതം അനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം നൽകണം. കേരളത്തിലെ വിവിധ മേഖലകളിലെ തൊഴിലാളികളുടെ നിലവിലുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിക്കണം. മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാനായി ഉണ്ടാക്കിയ മലബാർ പാക്കേജ് തുടരണം. കഴിഞ്ഞ സർക്കാർ സാമ്പത്തിക ബാദ്ധ്യത വരുത്തിവച്ചുവെന്നുപറയുന്നത് വസ്തുതകൾക്ക് വിരുദ്ധമാണ്.

ശ്രീ. പി.സി. വിഷ്ണുനാഥ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ അഴിമതിരഹിത സുതാര്യഭരണത്തെ അഭിനന്ദിച്ചുകൊണ്ട് വിദേശ പത്ര മാധ്യമങ്ങളിലുൾപ്പെടെ പരാമർശനങ്ങൾ വന്നിരിക്കുകയാണ്. പുതിയ ബഡ്ജറ്റ് പ്രകാരം 2009-10-ലെ റവന്യൂ കമ്മി 5,022 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. വിദഗ്ദ്ധമായ സാമ്പത്തിക മാനേജ്മെന്റ് നടത്തിയെന്ന് അവകാശപ്പെടുന്ന എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാക്കിയെന്നുള്ളതാണ് യാഥാർത്ഥ്യം. ബഡ്ജറ്റിൽ മതിയായ തുക വകയിരുത്താതെ അയ്യായിരം കോടി രൂപയുടെ പ്രവൃത്തികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്ത കഴിഞ്ഞ സർക്കാരിന്റെ നടപടി അപലപനീയമാണ്. മുൻസർക്കാരിന്റെ വികലമായ വിദ്യാഭ്യാസ നയംമൂലം പൊതുവിദ്യാഭ്യാസ മേഖലയിൽ രണ്ടു ലക്ഷം കുട്ടികളുടെ കുറവുണ്ടായിരിക്കുകയാണ്. സ്വാശ്രയ മേഖലയിൽ യോഗ്യാതാപരീക്ഷയിൽ മിനിമം മാർക്കുപോലും കിട്ടാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിരു

ന്നതായാണ് രേഖകൾ തെളിയിക്കുന്നത്. മുൻസർക്കാർ നിർത്തലാക്കിയ കേരള സാഹിത്യ അക്കാഡമിയുടെ ശ്രീപത്മനാഭ എൻഡോവ്മെന്റ് പുനഃ സ്ഥാപിക്കണം. പെൻഷൻ പ്രായം വർദ്ധിപ്പിക്കാതെതന്നെ മുൻ സർക്കാർ നടപ്പാക്കിയ പെൻഷൻ ഏകീകരണം ഒഴിവാക്കണം. മാർച്ച് മാസത്തിൽ അവസാനിക്കുന്ന പി.എസ്.സി.റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പി ക്കണം. ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. ഉന്നതവിദ്യാഭ്യാസ മേഖല യിലെ നോർമലൈസേഷൻ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സിൽ പഠിച്ച വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുന്നുണ്ടോയെന്ന് പരിശോധി ക്കണം. സെയിൽ ടാക്സ് മേഖലയിലെ 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' പുനഃസ്ഥാപിക്കണം.

ശ്രീ. കെ.കെ. നാരായണൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കേരളത്തെ ഒന്നായി കണ്ടുകൊണ്ട് വികസന പദ്ധതികൾ അവതരിപ്പിക്കാൻ കഴിയാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുമെന്നും വീട്ടുജോലിക്ക് നിൽക്കുന്ന പെൺകുട്ടി കൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുമെന്നും നഴ്സിംഗ് വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് 700 രൂപയാക്കുമെന്നും എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ പ്രതിമാസ അലവൻസ് 4,000 രൂപയാക്കുമെന്നും 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ പാവപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ ഏർപ്പെടുത്തുമെന്നുമുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തി യിട്ടില്ല. സച്ചാർ കമ്മീഷൻ ശുപാർശ അനുസരിച്ചുള്ള പാലോളി കമ്മിറ്റി

യുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും വ്യാവസായിക തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് പദ്ധതിക്കും തുക വകയിരുത്തിയിട്ടില്ല. ഈ ബഡ്ജറ്റിൽ തൊഴിൽ മേഖലയെ പാടെ അവഗണിച്ചിരിക്കുകയാണ്. ധർമ്മടം മണ്ഡലത്തിലെ വികസന പദ്ധതികളുടെ പ്രൊപ്പോസലുകൾക്ക് തുക മാറ്റി വയ്ക്കാൻ കഴിഞ്ഞിട്ടില്ല.

**ഒരു സ്വകാര്യ അംഗം പേപ്പർ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച്**

ഡോ. ടി.എം. തോമസ് ഐസക്: ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രസംഗിച്ചപ്പോൾ ധവള പത്രത്തിലെ കണക്കുകളിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ പകരം ഡോക്യുമെന്റ് കൊണ്ടുവരണമെന്ന് പറഞ്ഞു. റൂൾ 295 പ്രകാരം ആ ഡോക്യുമെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ഒരു പ്രൈവറ്റ് മെമ്പർക്ക് ഒരു പേപ്പർ സഭയിൽ വയ്ക്കണമെങ്കിൽ ചെയറിന്റെ മുൻകൂട്ടിയുള്ള അനുവാദം വേണം. കേരള നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 295 പ്രകാരമാണ് മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് കടലാസ്സുകൾ വയ്ക്കുന്നത്. ഇതിനുപുറമെ സ്റ്റാറ്റ്യൂട്ടറിയായി സഭയുടെ അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളും വാർഷിക റിപ്പോർട്ടുകളും മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിട്ടുണ്ട്. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ച ധവളപത്രം ചട്ടപ്രകാരം മേശപ്പുറത്ത് വയ്ക്കേണ്ട ഒന്നല്ല. എന്നാൽ ബഡ്ജറ്റ് ചർച്ചയിൽ മറുപടി പറയുന്ന വേളയിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വ്യക്തമാക്കുന്ന ഒരു ധവളപത്രം വോട്ട് ഓൺ

അക്കൗണ്ട് ചർച്ചയ്ക്ക് മുമ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകിയിരുന്നു. അതുപ്രകാരമാണ് പ്രസ്തുത ധവളപത്രം സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ ചെയർ അനുമതി നൽകിയത്. ഒരു അനൗദ്യോഗിക അംഗം സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ഉദ്ദേശിക്കുന്ന പേപ്പറിന്റെ കോപ്പി മുൻകൂറായി ചെയറിന് നൽകണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ട്. ചെയർ അനുമതി നൽകിയാൽ മാത്രം ആയത് മേശപ്പുറത്ത് വയ്ക്കാം. ഈ സാഹചര്യത്തിൽ ഡോ. ടി.എം. തോമസ് ഐസക് തയ്യാറാക്കിയ ധവളപത്രം സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ശ്രമിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പരമ്പരാഗത മേഖലകളായ കശുവണ്ടി, കൈത്തറി മേഖലകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുകയാണ് പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. മലബാർ പാക്കേജുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും തടസ്സമില്ലാതെ തുടരുന്നതിന് ആവശ്യമായ പണം അനുവദിക്കുന്നതാണ്. ഹൗസിംഗ് സ്കീമിൽ പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുകയിൽ യാതൊരു കുറവും വരുത്താതെതന്നെ 140000 വീടുകൾ കൂടി നിർമ്മിക്കും. പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റ് ഇനത്തിൽ 5 കോടി രൂപ മാത്രമേ ഈ വർഷം ചെലവഴിക്കാൻ സാധിക്കൂ എന്ന് എസ്.സി./ എസ്.ടി. ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

2011-ലെ കേരള ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം, 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2011-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിൻതാങ്ങുന്നു.

.................(ബഹളം.)........................

(ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രസംഗം തുടരാൻ ശ്രമിക്കവെ പ്രതിപക്ഷാംഗങ്ങൾ പോൾ ആവശ്യപ്പെട്ടുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുചുറ്റും വന്ന് മുദ്രാവാക്യം വിളിക്കുകയും അൽപ്പസമയം കഴിഞ്ഞ് ഇരിപ്പിടങ്ങളിലേക്ക് മടങ്ങിയെങ്കിലും ബഹളം തുടർന്നുകൊണ്ടിരിക്കുകയും ചെയ്തു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) വോട്ടിംഗ് നീട്ടിക്കൊണ്ടുപോകുന്നത് ഇപ്പോൾ ഭരണപക്ഷത്തിന് ഭൂരിപക്ഷമില്ലാത്തതിനാൽ ഭരണകക്ഷി ബഞ്ചുകളിലെ അംഗങ്ങൾ വരുന്നതിനുവേണ്ടിയാണെന്നതിൽ ശക്തിയായി പ്രതിഷേധിക്കുന്നു.

2011-ലെ കേരള ധനവിനിയോഗ [(വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു.

(പ്രതിപക്ഷാംഗങ്ങൾ വോട്ടിംഗിൽ പങ്കെടുത്തില്ല.)

പ്രമേയം ഭരണകക്ഷി അംഗങ്ങളുടെ 69 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) **<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും</u>**

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിടണമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആവശ്യപ്പെട്ടപ്പോൾ വോട്ടിംഗ് ആവശ്യപ്പെടേണ്ട ഘട്ടം ആയിട്ടില്ലെന്ന് സ്പീക്കർ റൂളിംഗ് നൽകുകയുണ്ടായി.

തുടർന്ന് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്ക്കരിച്ച് പുറത്തുപോവുകയും ചെയ്തു.

വിയോജനക്കുറിപ്പ് നൽകിയിരുന്ന അംഗങ്ങളും (1 എ) ഭേദഗതി നൽകിയിരുന്ന അംഗവും സഭയിൽ ഇല്ലാതിരുന്നതിനാൽ അവ അവതരിപ്പിച്ചില്ല.

<u>ശ്രീ. സി. മമ്മൂട്ടി</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

114, 116, 117, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>3-ാം വകുപ്പ്</u>

124, 125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

108-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

108. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) ഈ ആക്ട് 2011-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് എന്ന് അറിയപ്പെടുന്നു."

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 2011-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ഒരു ഓർഡിനൻസ് നിയമമാക്കുന്ന ഈ സമയത്ത് പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയത് ഖേദകരമാണ്. പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം സമാപിക്കുന്ന അവസരത്തിൽ വോട്ടിംഗിന് ഭൂരിപക്ഷം ഇല്ലെന്ന ആക്ഷേപമാണ് പ്രതിപക്ഷം ഉന്നയിച്ചത്. 70 പേർ സഭയിലുണ്ടായിരുന്നു. രണ്ടുപേർ വരാൻ താമസിച്ചുവെന്നാണ് ആക്ഷേപം. രണ്ടുപേരെ ഒഴിവാക്കിയാൽ 68 പേർ എല്ലാ സമയത്തും സഭയിലുണ്ട്. ഒരു പ്രതിപക്ഷ മെമ്പർ ചികിത്സയിലായതിനാൽ രണ്ടുദിവസമായി സഭയിൽ വരുന്നില്ല. ഭരണകക്ഷിക്ക് ഭൂരിപക്ഷം ഇല്ലാത്ത സാഹചര്യം ഉണ്ടായിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യ കെടുകാര്യസ്ഥത കേരളത്തിലെ ജനങ്ങളുടെ മുന്നിൽ വിളിച്ചറിയിക്കുന്ന ഒരു ധവളപത്രമാണ് സഭയുടെ മേശപ്പുറത്തുവച്ചത്.

ബിൽ സഭ പാസ്സാക്കി.

**അവകാശ ലംഘന പ്രശ്നം**

മി. സ്പീക്കർ: 13-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിനിടയിൽ ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തുന്നതിനുമുമ്പായി മുഖ്യമന്ത്രി സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടി പ്രഖ്യാപിച്ചത് അവകാശ ലംഘന പ്രശ്നമാണെന്ന് കാണിച്ച് ശ്രീ. കോടിയേരി

ബാലകൃഷ്ണൻ നൽകിയ നോട്ടീസും 14-07-2011-ൽ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയവേ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നടത്തിയ ചില പരാമർശങ്ങൾ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ഡോ. ടി. എം. തോമസ് ഐസക് നൽകിയ നോട്ടീസും പരിഗണനയിലാണ്.

## പ്രത്യേക നിയമസഭാ സമിതിയുടെ രൂപീകരണം

ശ്രീ. പി. സി. വിഷ്ണുനാഥ് 2011 ജൂലൈ 11-ാം തീയതി പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. വി. ഡി. സതീശൻ ചെയർമാനായും സർവ്വശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, പി. കെ. ഗുരുദാസൻ, സി. കെ. നാണു, മുല്ലക്കര രത്നാകരൻ, എസ്. ശർമ്മ, എം. വി. ശ്രേയാംസ് കുമാർ, കെ. ശിവദാസൻ നായർ, തോമസ് ഉണ്ണിയാടൻ എന്നിവർ അംഗങ്ങളായും പ്രത്യേക നിയമസഭാ സമിതി രൂപീകരിച്ചിട്ടുണ്ട്.

ഇത്തവണ അടിയന്തിരചോദ്യം ഉൾപ്പെടെ സഭാതലത്തിൽ വന്ന ചോദ്യങ്ങളിൽ 18 എണ്ണം ഭരണകക്ഷി അംഗങ്ങളുടേതും 21 എണ്ണം പ്രതിപക്ഷ അംഗങ്ങളുടേതുമാണ്. ഉപചോദ്യങ്ങൾ ചോദിക്കാൻ ഭരണകക്ഷി അംഗങ്ങൾക്ക് 211 തവണയും പ്രതിപക്ഷ അംഗങ്ങൾക്ക് 223 തവണയും ചെയർ അവസരം നൽകിയിട്ടുണ്ട്. ഇരുഭാഗത്തേയും പുതിയ അംഗങ്ങൾ 122 ഉപചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. ഉപചോദ്യങ്ങൾ ചോദിക്കുന്നതിൽ ചെയർ പക്ഷപാതം കാണിച്ചുവെന്ന പരാമർശം വസ്തുതാപരമല്ല.

**<u>സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്</u>**

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻചാണ്ടി</u>): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണ്.

13-ാം കേരള നിയമസഭയുടെ 1-ാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 2.50-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

***@@@@@@***